വ്യാജ സർവ്വകലാശാലകൾ

57 (1111) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജമായി ഒരു സർവ്വകലാശാല പ്രവർത്തിക്കുന്നതായുള്ള യു.ജി.സി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെന്റ്ജോൺസ് എന്ന പേരിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റിയിൽ ചേർന്ന് വിദ്യാർത്ഥികൾ വഞ്ചിതരായിട്ടുള്ളതായി അറിയാമോ ;

(സി) വ്യാജ സർവ്വകലാശാലയെക്കുറിച്ചും വ്യാജ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ചും അന്വേഷിക്കുമോ ?

ഉത്തരം

(എ-സി) സെന്റ് ജോൺസ് യൂണിവേഴ്സിറ്റി എന്ന പേരിൽ ഒരു വ്യാജ സർവ്വകലാശാല പ്രവർത്തിക്കുന്നതായി യു.ജി.സി. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ഇക്കാര്യം അന്വേഷിക്കുകയും ഈ പേരിൽ ഒരു സർവ്വകലാശാല പ്രവർത്തിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് റിപ്പോർട്ട് നൽകുകയും ചെയ്തു. എന്നാൽ ഇപ്പോൾ യു.ജി.സി. വീണ്ടും ഈ സർവ്വകലാശാലയെ കുറിച്ച് മുന്നറിയിപ്പ് നൽകിയിരിക്കുന്നതിനാൽ ഇക്കാര്യം വീണ്ടും അന്വേഷിക്കാൻ പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) തസ്തിക

58 (1112) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 22-11-2011-ൽ നിലവിൽവന്ന എച്ച്.എസ്.എ.(ഫിസിക്കൽ സയൻസ്) തസ്തികയുടെ (കാറ്റഗറി നമ്പർ 177/2008) റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറ് മാസം കൂടി നീട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) തിരുവനന്തപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിലവിൽ ഒഴിവുകൾ ഉണ്ടായിട്ടും പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ വർഷത്തെ പുനർവിന്യാസം പൂർത്തിയായതിനുശേഷവും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ഇ) അടിയന്തരമായി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly